## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 156 01/02/2018 - ൽ മറുപടിയ്ക്ക്

## കുട്ടികൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി.എസ്. ജയലാൽ<br>" സി. ദിവാകരൻ<br>" ചിറ്റയം ഗോപകുമാർ<br>" കെ. രാജൻ | പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |
| (എ) കുട്ടികൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ജനങ്ങൾ കുറ്റകൃത്യങ്ങളെക്കുറിച്ച് ബോധവാൻമാരായിട്ടുള്ളതിനാലും, ഇത്തരം സംഭവങ്ങളിൽ പോലീസ് നടപടി സ്വീകരിക്കുമെന്ന് ബോദ്ധ്യം പൊതുവിൽ ജനങ്ങൾക്കുള്ളതിനാലും യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനാലും, കുട്ടികൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങൾ സംബന്ധിച്ച കുറ്റകൃത്യങ്ങളുടെ റിപ്പോർട്ടിംഗിൽ നേരിയ വർദ്ധനവ് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പോക്സോ നിയമം നിലവിൽ വന്നതിന് ശേഷം കുട്ടികൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങൾ കുറഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) മുൻകാലങ്ങളിൽ കുട്ടികൾക്ക് നേരേയുള്ള ലൈംഗികാതിക്രമങ്ങൾ നടക്കാറുണ്ടെങ്കിലും, അവയൊന്നും പൂർണ്ണമായും റിപ്പോർട്ട് ചെയ്യപ്പെടാറുണ്ടായിരുന്നില്ല. പോക്സോ നിയമത്തിലെ 21-ാം വകുപ്പിൽ കുട്ടികൾക്കെതിരായ ലൈംഗികാതിക്രമം ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ റിപ്പോർട്ട് ചെയ്യണമെന്ന വ്യവസ്ഥ പാലിക്കുന്നതുമൂലവും ജനമൈത്രി പോലീസ് സംവിധാനം മുഖേനയുള്ള പോലീസ് ഇടപെടൽ ഉണ്ടാകുന്നതുകാരണവും പോക്സോ നിയമം 2012, ബാലനീതി നിയമം 2015 എന്നിവയെ കുറിച്ച് ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ മുഖാന്തിരം പൊതുജനങ്ങൾക്കും സ്കൂൾ വിദ്യാർത്ഥികൾക്കും, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകൾക്കും ബോധവൽക്കരണ |

ക്ലാസ്സുകൾ സംഘടിപ്പിച്ചതിലൂടെയും സ്കൂൾ കൗൺസിലർമാരുടേയും ചൈൽഡ് ലൈനിന്റേയും കാര്യമായ ഇടപെടലുകളിലൂടെയും ഇത്തരം കേസുകൾ റിപ്പോർട്ട് ചെയ്യുന്നത് വർദ്ധിച്ചിട്ടുണ്ട്.

(സി) പോക്സോ നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്താൽ മുപ്പത് ദിവസത്തിനകം കുറ്റപത്രം സമർപ്പിച്ച് ഒരു വർഷത്തിനകം വിചാരണ പൂർത്തിയാക്കണമെന്ന ചട്ടം പാലിക്കപ്പെടുന്നുണ്ടോ;

(സി) ചട്ടം പരമാവധി പാലിച്ചുവരുന്നുണ്ട്. കാലതാമസം ഒഴിവാക്കാൻ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് ഇതു സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പോക്സോ കേസുകൾക്കായി പ്രത്യേക കോടതികൾ ഇല്ലാത്തത് കേസുകൾ തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടാകുന്നതിന് കാരണമാകുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(ഡി) പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാനത്ത് 14 ജില്ലകളിലും ഓരോ പോക്സോ കോടതികൾ പ്രവർത്തിക്കുന്നുണ്ട്.

നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പോക്സോ സംബന്ധമായ കേസുകൾ കൈകാര്യം ചെയ്യുന്ന പ്രത്യേക കോടതികളും മറ്റ് ജില്ലകളിൽ അതാത് ജില്ലയിലെ 1-ാം അഡീഷണൽ സെഷൻസ് കോടതികളുമാണ് പോക്സോ സംബന്ധമായ കേസുകൾ കൈകാര്യം ചെയ്യുന്ന സ്പെഷ്യൽ കോടതിയായി പ്രവർത്തിച്ചുവരുന്നത്.

സെക്ഷൻ ഓഫീസർ